

Vol. I, No.8
2022 July-December
1197-98 മിഥുനം-വൃശ്ചികം
Included in UGC-CARE list
A peer reviewed research journal
ചെങ്ങഴി
CHENGAZHI

# ഉള്ളടക്കം


മലയാളഭാഷയിലെ സംസ്കൃതരൂപങ്ങളും പ്രയോഗസാധുതയും 11
അലക്സ് എൽ.

ജാതിയുടെ അബോധം: ഫ്രോയ്ഡിയൻ-ലകാനിയൻ വിശകലനം 18
വിജിത്ത് കെ.

പ്രതിമാജീവിതങ്ങളും കോളനിവിരുദ്ധ നരഭോജനങ്ങളും—ഭാസനാടകങ്ങളുടെ രാഷ്ട്രീയം 24
ഷൂബ കെ.എസ്.

വയലാർ: ഗാനവഴികളിലെ സമഗ്രത 36
ഡേവിസ് സേവ്യർ

വടക്കൻ പ്രാദേശികഭാഷാവിനിമയം മലയാളസിനിമയിൽ 42
ജൈനിമോൾ കെ. വി.

'വാസ്തുഹാര'യുടെ ആഖ്യാന ഘടന 49
ജയകുമാർ എസ്.എസ്.

പഞ്ചസന്ധികളുടെ പ്രയോഗം നൃത്യനാടികകളിൽ 57
കവിത കെ.എസ്.

തിരമൊഴിമുഴക്കങ്ങൾ—മലയാളകവിതയുടെ പുതിയ മുഖം 64
മിനി ആലീസ്

അവൾ അവനോട് പറയുന്നത്... 74
സുനീത ടി.വി

ഫ്രെയിമിലൊതുങ്ങാത്ത യാത്രകൾ 79
സിബു മോടയിൽ

# വടക്കൻ പ്രാദേശികഭാഷാവിനിമയം മലയാളസിനിമയിൽ

ജൈനിമോൾ കെ. വി.

അസി. പ്രൊഫസർ, സി. എ. എസ്. കോളേജ്, മാടായി

വെറുമൊരു ആശയവിനിമയോപാധി മാത്രമല്ല ഭാഷ. ഓരോ പ്രദേശത്തെയും സംസ്കാരത്തെ ആഴത്തിൽ അറിയാൻ ഭാഷയിലൂടെ സാധിക്കുന്നു. മനുഷ്യമനസ്സിലെ ചിന്തകളും വർഗ്ഗ സിദ്ധികളും ഉൾക്കൊള്ളുന്ന ഒരു സവിശേഷ വ്യവഹാരമാണ് ഭാഷ എന്നാണ് നോം ചോംസ്കി ഭാഷയെ നിർവചിച്ചത്. ഒരു സമൂഹത്തിന് ജീവൻ നൽകുന്നത് ആ പ്രദേശത്തെ ഭാഷയാണ്. സ്വത്വബോധത്തിന്റെ പ്രകടനമാണ് അതിലൂടെ സംഭവിക്കുന്നത്. അവിടെ വിനിമയം ചെയ്യപ്പെടുന്ന ഓരോ പദവും ആ പ്രത്യേക സംസ്കാരത്തിന്റെ അടയാളങ്ങളാണ്. പുതിയ സിനിമകൾ ഭാഷയെ വിദഗ്ധമായി ഉപയോഗപ്പെടുത്തുന്നു. വടക്കേമലബാറിന്റെ സംസാര താളത്തിനും സാംസ്കാരിക ഘടകങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട് പുറത്തിറങ്ങിയ ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ, തിങ്കളാഴ്ചനിശ്ചയം എന്നീ സിനിമകളെ മുൻനിർത്തിക്കൊണ്ട് വടക്കേ മലബാറിലെ പ്രാദേശിക ഭാഷാവിനിമയത്തിന്റെ പ്രത്യേകതകളും സാധ്യതകളും പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

## പ്രാദേശികഭാഷാ വിനിമയം മലയാളസിനിമയിൽ

"ഗുഡ് ലക്ക് ടു എവരിബഡി" (Good luck to everybody) എന്നു പറഞ്ഞാണ് മലയാള സിനിമ സംസാരിക്കാൻ തുടങ്ങിയത്. 1931 ജനുവരി 19-ന് പുറത്തിറങ്ങിയ ബാലൻ എന്ന ചിത്രത്തിലെ ഈ ആദ്യ വാചകം മലയാള സിനിമയുടെ ചരിത്രം മാറ്റിയെഴുതി. ഇംഗ്ലീഷ് സംസാരിച്ചു തുടങ്ങിയ മലയാള സിനിമയിൽ പിന്നീട് തെക്കൻ മലയാളം ആധിപത്യം സ്ഥാപിച്ചു. സിനിമയുടെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ചവരെല്ലാം തെക്കൻ കേരളത്തിലുള്ളവരായിരുന്നു എന്നതാണ് അതിന് കാരണം. മറ്റ് ഭാഷാഭേദങ്ങൾ പരീക്ഷിക്കാൻ സിനിമാപ്രവർത്തകർ തുടക്കംമുതൽ വിമുഖത കാണിച്ചിരുന്നു. മലയാള ഭാഷ എന്നു പറഞ്ഞാൽ ഒരുകാലത്ത് തെക്കൻ കേരളത്തിന്റെ ഭാഷയായിരുന്നു. അതാണ് വരേണ്യ വർഗ്ഗത്തിന്റെ യഥാർത്ഥ ഭാഷ എന്ന രീതിയിലുള്ള ചിന്താഗതി മലയാളികളിൽ ഉറപ്പിച്ചതിൽ സിനിമയ്ക്കും പങ്കുണ്ട്. പ്രാദേശികഭാഷാഭേദങ്ങളിലൂടെ ദേശത്തെ ദൃശ്യവത്കരിക്കുന്ന രീതിക്ക് തുടക്കം കുറിക്കുന്നത് എം.ടി. വാസുദേവൻ നായരുടെ മുറപ്പെണ്ണ് എന്ന സിനിമയിലൂടെയാണ്. 1965-ൽ പുറത്തിറങ്ങിയ മുറപ്പെണ്ണിലൂടെ വള്ളുവനാടൻഭാഷാ ഭേദത്തെ അവതരിപ്പിച്ചു കൊണ്ടായിരുന്നു അത്. "വന്നാട്ടെ, ഇരുന്നാട്ടെ, പോയിട്ട്